**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **16-03-2022 - ൽ മറുപടിയ്ക്ക്**

**സെൻട്രൽ സിറ്റി ഓഫ് കൊച്ചി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 20.03.1991 ലെ ജി.ഒ.(എം.എസ്.)നമ്പർ 103/91 എൽ.എ.ഡി. ഉത്തരവ് പ്രകാരം സെൻട്രൽ സിറ്റി ഓഫ് കൊച്ചിക്കായി അനുവാദം നൽകിയ സ്ട്രക്ചർ പ്ലാനിന്റെ (ജനറൽ ടൗൺ പ്ലാനിംഗ് സ്കീമിന്റെ) ഉദ്ദേശലക്ഷ്യം എന്തെന്ന് വിശദമാക്കാമോ; | (എ) | കൊച്ചിയുടെയും പ്രാന്ത പ്രദേശങ്ങളുടെയും വികസനവും നഗരവൽക്കരണവും, ശാസ്ത്രീയ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുക, വളർച്ച ക്രമീകരിക്കുക എന്നിവയാണ് ജനറൽ ടൗൺ പ്ലാനിംഗ് സ്കീമായ സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വികസനം, മേഖല നിയന്ത്രണ ചട്ടങ്ങൾ വഴി നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയും പുതിയ റോഡുകൾ വികസിപ്പിച്ചും നിലവിലുള്ള റോഡുകൾക്ക് വീതി കൂട്ടിയും പ്രസ്തുത പ്ലാൻ നടപ്പിൽ വരുത്തുന്നുണ്ട്. |
| (സി) | പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (സി) | കൊച്ചി കോർപ്പറേഷൻ, തൃപ്പൂണിത്തുറ, ഏലൂർ, കളമശ്ശേരി, മരട്, തൃക്കാക്കര എന്നീ അഞ്ച് മുനിസിപ്പാലിറ്റികളും, മുളവുകാട്, ഞാറക്കൽ, എളങ്കുന്നപ്പുഴ, ചേരാനല്ലൂർ, കടമക്കുടി, വരാപ്പുഴ എന്നീ ആറ് ഗ്രാമ പഞ്ചായത്തുകളും സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചിയിൽ ഉൾപ്പെടുന്നു. |
| (ഡി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, ഞാറക്കൽ, എളങ്കുന്നപ്പുഴ, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ